യുടെ വാട്ടർ മാനേജ്മെന്റ് സിസ്റ്റത്തിന്റെ ചുമതല വഹിക്കുന്നത്. ഇതുപോലെ പരാതി പറഞ്ഞ സ്ഥലങ്ങളിലൊക്കെ വെള്ളം തുറന്നുവിട്ടു കൊടുക്കുകയാണ്. പ്രശ്നമെന്താണെന്നുവച്ചാൽ ഇത് വ്യാപകമായി തുറന്നുവിട്ടാൽ, പല പാടങ്ങളിലും പലതരം കൃഷിയായതുകൊണ്ട് ചിലയിടത്തു തുറന്നുവിടുന്നതു കൊണ്ട് ദോഷം വരും. ചിലയിടത്ത് തുറന്നു വിട്ടില്ലെങ്കിൽ ദോഷം വരും. പല പാടങ്ങളിലും പല രീതിയിലാണ്. വാട്ടർ മാനേജ്മെന്റ് സിസ്റ്റം ഇപ്പോഴില്ല എന്നു പറയുന്നത് ശരിയാണ്. കാരണം അത് കമ്മീഷൻ ചെയ്തിട്ടില്ല. കമ്മീഷൻ ചെയ്തെങ്കിൽ മാത്രമേ വാട്ടർ മാനേജ്മെന്റ് ഏർപ്പെടുത്താൻ സാധിക്കൂ. പരാതിവരുന്ന സ്ഥലത്ത് പ്രത്യേകം പരിശോധിച്ച് മറ്റ് കൃഷി സ്ഥലങ്ങളിൽ ദോഷം വരാതെ വെള്ളം തുറന്നുവിടുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. ഇന്ന് വെള്ളം തുറന്നുവിടാൻ ഞാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

<u>ശ്രീമതി ജെ. മെഴ്സിക്കുട്ടിയമ്മ</u> : കേരളത്തിന്റെ ഗ്രൗണ്ട് വാട്ടർ ലെവൽ തമിഴ്നാട്ടിലേതിനേക്കാൾ വളരെ താഴെയാണെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. നമുക്ക് ഇഷ്ടംപോല വെള്ളം ഉണ്ടെങ്കിലും കുടിവെള്ളക്ഷാമം ഉണ്ടെന്നാണ് എല്ലാവരും സൂചിപ്പിക്കുന്നത്. ഇറിഗേഷൻ, ഗ്രൗണ്ട് വാട്ടർ, വാട്ടർ അതോറിറ്റി എന്നീ വകുപ്പുകൾ സംയുക്തമായി ചേർത്തുകൊണ്ട് സുലഭമായി ജലം ജനങ്ങളിൽ എത്തിക്കാൻ കഴിയുന്ന സമഗ്രമായ ഒരു വാട്ടർ മാനേജ്മെന്റ് സിസ്റ്റത്തിന് അങ്ങ് രൂപം നൽകുമോ?

<u>ശ്രീ. വി.പി. രാമകൃഷ്ണപിള്ള</u> : ഇവിടെ പ്രധാനപ്രശ്നം മഴക്കാലത്ത് പെയ്യുന്ന വെള്ളം നമുക്ക് സംരക്ഷിക്കാൻ കഴിയുന്നില്ല എന്നുള്ളതാണ്. രണ്ട് സീസണിലാണ് നമുക്ക് മഴ ലഭിക്കുന്നത്. 3000 മി.മീ. മഴയാണ് രണ്ട് സീസണിലായിട്ട് നമുക്ക് ലഭിക്കുന്നത്. ഇതിന്റെ 10 ശതമാനംപോലും നമുക്ക് ഉപയോഗിക്കാൻ കഴിയുന്നില്ല എന്നുള്ളതാണ്. ഒന്നാമത് നദികൾ നമ്മൾ സംരക്ഷിക്കുന്നില്ല. നമ്മുടെ നാട്ടിൽ കുളങ്ങൾ ഇപ്പോൾ കുറവാണ്. നമ്മുടെ പറമ്പുകളിൽ വീഴുന്ന വെള്ളംപോലും സൂക്ഷിക്കപ്പെടുന്നില്ല. എന്റെ പറമ്പിൽ വീഴുന്ന ഒരു തുള്ളി വെള്ളംപോലും പുറത്തു പോകുകയില്ല. എന്റെ പറമ്പിൽ തന്നെ അത് ഊർന്നൂർന്ന് താഴണം. അത് ഭൂജലത്തിന്റെ സ്രോതസ്സ് കുറയുന്നത് തടയാനും അതുപോലെ തന്നെ ഭൂമി ഫലഭൂയിഷ്ടമാക്കാനും കഴിയും എന്നുള്ള കാര്യം നമ്മുടെ ആളുകൾ ചിന്തിക്കുന്നുമില്ല. അതനുസരിച്ച് പ്രവർത്തിക്കുന്നുമില്ല. അങ്ങനെ ചെയ്യണം എന്ന് നിർദ്ദേശിച്ചുകൊണ്ട് ത്രിതല പഞ്ചായത്തുവഴി വേണ്ട നടപടികൾ സ്വീകരിച്ച് വർക്ക്ഷോപ്പുകൾ നടത്തി, മഴക്കാലത്ത് പെയ്യുന്ന വെള്ളത്തിന്റെ സംരക്ഷണം വലിയൊരു പ്രശ്നമാണെന്ന് പറഞ്ഞിട്ടാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. നദികൾ സംരക്ഷിക്കുന്നതിന് അടിയന്തിരമായി മഴക്കാലത്ത് തടയണ കെട്ടി മഴവെള്ളം തടഞ്ഞു നിർത്തണം. തോടുകളിലും മഴക്കാലത്ത് വെള്ളം തടഞ്ഞു നിർത്തുന്നതിന് തടയണ കെട്ടണം. അത് ശുദ്ധജലമായിത്തന്നെ സംരക്ഷിക്കാനും നമുക്ക് കഴിയണം.

പട്ടികജാതി-പട്ടികവർഗ്ഗ കോർപ്പറേഷൻ നടപ്പാക്കിയ വായ്പാപദ്ധതികളെക്കുറിച്ച് പഠനം

4 (*623)<u>ശ്രീ. കെ. മുഹമ്മദാലി</u> :

<u>ശ്രീ. കെ. ബാബു</u> :

<u>ശ്രീ. ജോർജ് ജെ. മാത്യു</u> :

<u>ഡോ. എം.എ. കുട്ടപ്പൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി നടപ്പാക്കിയിട്ടുള്ള വിവിധ വായ്പാ പദ്ധതികളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഈ പദ്ധതിയുടെ പ്രയോജനം എത്രപേർക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതികളുടെ നടത്തിപ്പിനെക്കുറിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) 2000 ജനുവരി വരെ 10881 പേർക്ക്.

(സി) ഇല്ല.

(ഡി) ബാധകമല്ല.

ശ്രീ. കെ. മുഹമ്മദാലി : പട്ടികജാതി-പട്ടികവർഗ്ഗ കോർപ്പറേഷൻ നടപ്പാക്കുന്ന വായ്പാ പദ്ധതികൾ ഫലപ്രദമാകണമെങ്കിൽ ഈ കോർപ്പറേഷന് കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്ന് വായ്പ ലഭ്യമാക്കുവാനുള്ള നടപടി ഉണ്ടാകണം. നിക്ഷേപവായ്പ അനുപാതം നമ്മുടെ സംസ്ഥാനത്ത് കുറഞ്ഞുവരുന്നത് പൊതുവെ ചർച്ച ചെയ്യപ്പെടുന്ന പ്രശ്നമാണ്. വയബിളായിട്ടുള്ള പ്രോജക്ടുകൾ സമർപ്പിക്കാത്തതുകൊണ്ടാണ് കൊമേഴ്സ്യൽ ബാങ്കുകൾ വായ്പ നൽകാത്തത് എന്നാണ് അവരുടെ വാദഗതികൾ. പട്ടികജാതി-പട്ടികവർഗ്ഗ മേഖലയിലുള്ളവർ പരമ്പരാഗതമായി നടത്തിവരുന്ന തൊഴിലധിഷ്ഠിത പ്രവർത്തനങ്ങൾക്ക് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് ബാങ്കുകൾക്ക് നൽകുകയാണെങ്കിൽ അവർ വായ്പ നൽകാൻ തയ്യാറാകും. ആ നിലയിലുള്ള നടപടികൾ സ്വീകരിക്കുവാൻ കോർപ്പറേഷനെ പ്രേരിപ്പിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : വയബിളായിട്ടുള്ള ഏകദേശം 35-ഓളം പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. അതനുസരിച്ച് ഇപ്പോൾ ധനകാര്യ സ്ഥാപനങ്ങൾ കോർപ്പറേഷന് സാമ്പത്തിക സഹായങ്ങൾ നൽകാൻ മുന്നോട്ടുവന്നിട്ടുണ്ട്. അതുകൊണ്ട് പാവപ്പെട്ട ആളുകൾക്ക് കൂടുതൽ പ്രയോജനകരമാണ്.

ശ്രീ. കെ. മുഹമ്മദാലി : പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ പ്രചരണവും ബോധവൽക്കരണവും ഇല്ലാത്തതുമൂലം കോർപ്പറേഷൻ വഴി നൽകുന്ന വായ്പകൾ യഥാർത്ഥത്തിലുള്ള അപേക്ഷകന് ലഭിക്കാതെ പോകുന്നുണ്ട്. പ്രചരണവും ബോധവൽക്കരണവും നടത്തി യഥാർത്ഥ അപേക്ഷകരെ കണ്ടെത്തി അവർക്ക് വായ്പ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : നല്ല രീതിയിലുള്ള പ്രചരണം ഇപ്പോൾ നടന്നുവരുന്നുണ്ട്. പത്രങ്ങളിലൂടെയും ലഘുലേഖനങ്ങളിലൂടെയും ബോധവൽക്കരണ ക്യാമ്പുകളിലൂടെയും ബോധവൽക്കരണം നടത്തിവരുന്നുണ്ട്. അതുകൊണ്ടുതന്നെ കൂടുതൽ ബെനിഫിഷറീസ് ഈ രംഗത്തേയ്ക്ക് വന്നുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു : കൃഷിഭൂമി ഇല്ലാത്തവർക്ക് കൃഷിഭൂമി വാങ്ങുന്നതിനുള്ള വായ്പാപദ്ധതികളും അതുപോലെ സ്വയംതൊഴിൽ പദ്ധതികളും ഉണ്ട്. ഇതിന് അപേക്ഷ നൽകുന്ന ആളുകളുടെ എണ്ണം വളരെ കൂടുതലാണെങ്കിലും വായ്പ ലഭിക്കുന്ന ആളുകളുടെ എണ്ണം വളരെ കുറവാണ്. അപേക്ഷിക്കുന്ന എല്ലാവർക്കും വായ്പ കിട്ടുന്നതിനുള്ള നടപടി ഗവണ്മെന്റ് സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : അപേക്ഷിക്കുന്ന മുഴുവൻ ആളുകൾക്കും വായ്പ കൊടുക്കുകയെന്നുള്ളത് അസാദ്ധ്യമായിട്ടുള്ള കാര്യമാണ്. നോംസ് അനുസരിച്ചുമാത്രമേ ഇപ്പോൾ പദ്ധതി നടപ്പിലാക്കാൻ കഴിയൂ. അല്ലെങ്കിൽ കോർപ്പറേഷൻ തകർന്നുപോകും.

ശ്രീ. കെ. ബാബു : ദേശീയാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന നാഷണൽ എസ്.സി./എസ്.ടി. ഡെവലപ്പ്മെന്റ് കോർപ്പറേഷൻ സംസ്ഥാനത്തിനു നൽകിയിട്ടുള്ള പണം ഓരോ വർഷവും എത്രയാണെന്ന് വ്യക്തമാക്കുമോ; ആ പണം ഇവിടെ ഉപയോഗപ്പെടുത്തിയിട്ടില്ല എന്നുള്ള ആക്ഷേപം ഉണ്ട്. അതിന്റെ വിശദാംശം എന്താണെന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : എൻ.എസ്.സി./എസ്.ടി.ഡി.സി. യിൽ നിന്ന് കിട്ടുന്ന പൈസ എല്ലാംതന്നെ കൃത്യമായിട്ട് ഉപയോഗിക്കുന്നുണ്ട്. നമ്മൾ ആവശ്യപ്പെട്ടതനുസരിച്ച് വേണ്ടത്ര പണം അവിടുന്ന് കിട്ടാത്ത സ്ഥിതിയാണുള്ളത്. കിട്ടിയ പൈസ കൃത്യമായി ചെലവഴിച്ചിട്ടുണ്ട്.

ശ്രീ. ജോർജ് ജെ. മാത്യു : അപേക്ഷ നൽകുന്നവർക്ക് നോംസ് പ്രകാരമാണ് വായ്പ കൊടുക്കുന്നതെന്ന് പറഞ്ഞു. അതിന്റെ നോംസ് എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : ഓരോ സ്കീമിനും പ്രത്യേകം പ്രത്യേകം നോംസാണ്. ബെനിഫിഷറീസിനെ സെലക്ട് ചെയ്യുന്നതിനും പ്രത്യേകം നോംസ് ഉണ്ട്. ഏറ്റവും അർഹതപ്പെട്ട ആളുകൾക്ക് അതിന്റെ ആനുകൂല്യം ലഭിക്കുക എന്നുള്ളതാണ് ഉദ്ദേശം. അതുപോലെതന്നെ ഷുവർട്ടിയിൻമേൽ ലോൺ ലഭിക്കുന്ന നോംസും ഉണ്ട്.

ശ്രീ. ജോർജ് ജെ. മാത്യു : ഷുവർട്ടി ലഭിക്കുന്നതിനെക്കുറിച്ചു പറഞ്ഞു. പലപ്പോഴും നോംസ് എല്ലാം ശരിയായിക്കഴിയുമ്പോൾ ഷുവർട്ടിയില്ല എന്ന് പറഞ്ഞ് ലോൺ കൊടുക്കാറില്ല. അങ്ങനെ ഷുവർട്ടിയില്ലാതെ ലോൺ ലഭിക്കാത്തവരുടെ എണ്ണം എത്രയാണെന്ന് പറയുമോ? അതിൽ പട്ടികജാതിക്കാർ എത്രയുണ്ട്; പട്ടികവർഗ്ഗക്കാർ എത്രയുണ്ട് എന്ന് പറയുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : ഷുവർട്ടിയില്ലാതെ ലോൺ കൊടുക്കുന്നില്ല. കാരണം നാഷണൽ കോർപ്പറേഷന് പൈസ തിരിച്ചടയ്ക്കേണ്ടതുണ്ട്. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ലോൺ എടുത്തിട്ടാണ് ഈ സ്ഥാപനം നടത്തുന്നത്. അതുകൊണ്ടുതന്നെ ഷുവർട്ടിയില്ലാതെ ലോൺ കൊടുക്കുന്ന സമ്പ്രദായം ഇല്ല.

ഡോ. എം.എ. കുട്ടപ്പൻ : സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള വായ്പയുടെ കാര്യത്തിൽ തീരുമാനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്രൊഫഷണൽസിന്റെ കാര്യത്തിൽ അതായത് ഡോക്ടർമാർ, എൻജിനീയർമാർ തുടങ്ങിയവർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് നിലവിലുള്ള വരുമാനപരിധി എടുത്തു കളയുവാൻ തയ്യാറാകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ : സാമ്പത്തികമായി തീരെ അവശരായിട്ടുള്ള ആളുകളെ സഹായിക്കുക എന്നുള്ള ഒരു മാനസികാവസ്ഥകൂടി ഇതി

നുണ്ട്. ഏറ്റവും ഉയർന്നുനിൽക്കുന്ന, സാമ്പത്തികമായി മുന്നോട്ടു നിൽക്കുന്ന ആളുകളെ മാത്രം സഹായിക്കാനല്ല ഉദ്ദേശിക്കുന്നത്. പാവപ്പെട്ട ആളുകൾക്ക് കൂടുതൽ പ്രയോജനം ലഭിക്കാൻ വേണ്ടിയാണ് വരുമാന പരിധി നിശ്ചയിച്ചിട്ടുള്ളത്.

ഡോ. എം.എ. കുട്ടപ്പൻ : കോർപ്പറേഷനിൽ സമരം ഉണ്ടായപ്പോൾ ഗവണ്മെന്റ് എടുത്ത നിലപാട് എന്താണ്? കോർപ്പറേഷൻ ലാഭമുണ്ടാക്കിയിട്ട് അതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ശമ്പള വർദ്ധനവ് കൊടുക്കാൻ തീരുമാനിച്ചു. എനിക്കറിയേണ്ടത് ഈ സ്ഥാപനം വാണിജ്യ സ്ഥാപനമാണോ അതോ സേവനം നൽകുന്ന സ്ഥാപനമാണോ; എന്താണീ സ്ഥാപനമെന്ന് അറിഞ്ഞാൽ കൊള്ളാം.

ശ്രീ. കെ. രാധാകൃഷ്ണൻ : സേവനം നടത്തുന്ന സ്ഥാപനം തന്നെയാണിത്. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് ബോണസ്സും മറ്റ് കാര്യങ്ങളും കൊടുക്കുന്നത്. ശമ്പള പരിഷ്ക്കരണം നടപ്പിലാക്കി അതിന്റെ അരിയേഴ്സ് കൊടുത്തുതീർക്കാൻ വേണ്ടിയാണ് പറഞ്ഞത്. കോർപ്പറേഷൻ കൂടുതൽ ലാഭത്തിലെത്തുന്ന സന്ദർഭത്തിലാണ് അരിയേഴ്സ് കൊടുക്കണമെന്ന് പറഞ്ഞത്. അതിനെ സംബന്ധിച്ചുള്ള തർക്കം വീണ്ടും വരികയും ഗവണ്മെന്റ് അത് സംബന്ധിച്ച് ചർച്ച നടത്തുകയും ആ പ്രശ്നം പരിഹരിക്കുകയും ചെയ്തു.

തോട്ടം തൊഴിലാളികളുടെ വേതനം

5 (*624) ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. യു.എസ്. ശശി :
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന് മുൻകാല പ്രാബല്യം നൽകിയിട്ടുണ്ടോ; എങ്കിൽ എന്നുമുതൽ;

(സി) ഓരോ ഇനം തോട്ടങ്ങളിലേയും തൊഴിലാളികളുടെ നിലവിൽ ഉണ്ടായിരുന്ന വേതനവും പുതുക്കിയ വേതനവും എത്രവീതമാണെന്ന് വെളിപ്പെടുത്തുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ,

(എ) ഉണ്ട്.

(ബി) ഉണ്ട്. 1.4.1999 മുതൽ.

(സി) തേയിലത്തോട്ടങ്ങളിലും ഏലം തോട്ടങ്ങളിലും നിലവിലുണ്ടായിരുന്ന അടിസ്ഥാന ശമ്പളത്തിൽ 6.47 രൂപയുടെ വർദ്ധനവ് പുതുക്കിയ കരാറനുസരിച്ച് ലഭിക്കും. കാപ്പിത്തോട്ടങ്ങളിൽ നിലവിലുള്ള അടിസ്ഥാന ശമ്പളത്തിൽ 6.17 രൂപയുടെ വർദ്ധനവ് ലഭിക്കും. റബ്ബർ തോട്ടങ്ങളിൽ നിലവിലുള്ള വേതനത്തിൽ 6 രൂപ വർദ്ധനവായി ലഭിക്കും. ഓരോ കാറ്റഗറി തൊഴി

LIBRARY ARCHIVES Kerala Legislative Assembly